ഹരിപ്പാട് ഗ്രാമപഞ്ചായത്തിൽ ആയുർവേദ ഡിസ്പെൻസറി ആരംഭിക്കാൻ നടപടി

140 [3841] *ശ്രീ. ടി. കെ. ദേവകുമാർ :* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് ഗ്രാമപഞ്ചായത്തിൽ ആയുർവേദ ആശുപത്രി ഇല്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആയുർവേദ ആശുപത്രി പ്രവർത്തിക്കുന്നതിനാവശ്യമായ കെട്ടിടവും ഭൗതിക സൗകര്യങ്ങളും ലഭ്യമാക്കാമെന്ന് ഗ്രാമപഞ്ചായത്ത് സന്നദ്ധത പ്രകടിപ്പിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ടി പഞ്ചായത്തിൽ ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറി ആരംഭിക്കുന്നതിന് എന്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) സാമ്പത്തിക നില മെച്ചപ്പെടുന്ന മുറയ്ക്ക് പുതിയ ഡിസ്പെൻസറികൾ ആരംഭിക്കുകയെന്നതാണ് സർക്കാരിന്റെ ലക്ഷ്യം.

ചികിൽസാമേഖലയിലെ പരസ്യങ്ങൾ

141 [3842] *ശ്രീമതി ഗിരിജാ സുരേന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അലോപ്പതി, ആയുർവേദ, ഹോമിയോപ്പതി, സിദ്ധ, യുനാനി ഡോക്ടർമാർക്കോ മറ്റാർക്കെങ്കിലുമോ കേരളത്തിലെ പത്ര-ദൃശ്യ മാധ്യമങ്ങളിൽ അവർ ചികിൽസിക്കുന്നതിന്റെ വിശദ വിവരങ്ങളോ ചികിൽസയുമായി ബന്ധപ്പെട്ട മറ്റെന്തെങ്കിലുമോ പരസ്യം ചെയ്യാൻ നിയമപരമായി അനുവാദമുണ്ടോ; എങ്കിൽ ഏതെല്ലാം കാര്യങ്ങൾക്കായി പരസ്യം ചെയ്യാം; വിശദമാക്കുമോ;

(ബി) അലോപ്പതി, ആയുർവേദം, ഹോമിയോ, സിദ്ധ, യുനാനി മരുന്നുകൾക്കോ മറ്റെതെങ്കിലും മരുന്നുകൾ എന്നവകാശപ്പെടുന്ന വസ്തുക്കൾക്കോ കേരളത്തിലെ പത്ര-ദൃശ്യ മാധ്യമങ്ങളിൽ അവയുടെ പരസ്യം നൽകാൻ നിയമപരമായി അവകാശമുണ്ടോ; എങ്കിൽ ഏതെല്ലാം മരുന്നുകൾക്ക് ഏതെല്ലാം സാഹചര്യത്തിൽ പരസ്യം ചെയ്യാമെന്ന് വ്യക്തമാക്കുമോ; ഇതു നിയമത്തിൽ എവിടെയാണ് സൂചിപ്പിക്കുന്നതെന്ന് വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) അലോപ്പതി, ആയുർവേദ, ഹോമിയോ, സിദ്ധ, യുനാനി ആശുപത്രികൾ, ക്ളിനിക്കുകൾ, പരിശോധനാസ്ഥാപനങ്ങൾ എന്നിവയ്ക്കോ രോഗ ചികിൽസ നടത്തുന്നു എന്നവകാശപ്പെടുന്ന മറ്റേതെങ്കിലും സ്ഥാപനങ്ങൾക്കോ കേരള ത്തിലെ പത്ര-ദൃശ്യ മാധ്യമങ്ങളിൽ അവയുടെ പരസ്യം ചെയ്യാൻ നിയമപരമായി അവ കാശമുണ്ടോ; എങ്കിൽ ഏതൊക്കെ തരം സ്ഥാപനങ്ങൾക്ക് എന്തിനൊക്കെ പരസ്യം ചെയ്യാം; ഇത് മെഡിക്കൽ നിയമത്തിൽ എവിടെയാണ് സൂചിപ്പിക്കുന്നതെന്ന് വ്യക്തമാ ക്കാമോ;

(ഡി) കേരള സർക്കാരിന് ഔഷധ പരസ്യനിയമം എന്നൊന്നുണ്ടോ; എങ്കിൽ എന്ന് നിലവിൽ വന്നു; പ്രസ്തുത നിയമത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ) അലോപ്പതി ഡോക്ടർമാർക്ക് 2002-ലെ മെഡിക്കൽ കൗൺസിൽ ഓഫ് ഇൻഡ്യയുടെ റെഗുലേഷൻ അനുസരിച്ചും ആയുർവേദ ഡോക്ടർമാർക്ക് 1982-ലെ സെൻട്രൽ കൗൺസിൽ ഓഫ് ഇൻഡ്യൻ മെഡിസിന്റെ റെഗുലേഷൻ അനുസരിച്ചും ഹോമിയോപ്പതി ഡോക്ടർമാർക്ക് 1982-ലെ സെൻട്രൽ കൗൺസിൽ ഓഫ് ഹോമിയോ പ്പതിയുടെ റെഗുലേഷൻ അനുസരിച്ചും താഴെ പറയുന്ന കാര്യങ്ങൾ പരസ്യം ചെയ്യാ വുന്നതാണ്.

1. പ്രാക്ടീസ് ആരംഭിക്കുന്നത് സംബന്ധിച്ച്
2. പ്രാക്ടീസിന്റെ രീതി മാറ്റുന്നത് സംബന്ധിച്ച്
3. മേൽവിലാസത്തിലെ മാറ്റം സംബന്ധിച്ച്
4. ഡ്യൂട്ടിയിൽ നിന്നും താൽക്കാലികമായി വിട്ടുനിൽക്കുന്ന് സംബന്ധിച്ച്
5. പ്രാക്ടീസ് വീണ്ടും തുടങ്ങുന്നത് സംബന്ധിച്ച്
6. മറ്റ് ചികിൽസാരീതികൾ കൈകാര്യം ചെയ്യുന്നത് സംബന്ധിച്ച്
7. നിശ്ചിത ഫീസ് ഈടാക്കുന്നത് സംബന്ധിച്ച്

(ബി) മരുന്നുകളെപ്പറ്റിയുള്ള പരസ്യങ്ങളെ നിയന്ത്രിക്കുന്നത് 1954-ലെ ഡ്രഗ്സ് ആന്റ് മാജിക് റെമഡീസ് (ഒബ്ജക്ഷണബിൾ അഡ്വർടൈസ്മെന്റ്സ്) ആക്ടാണ്. പ്രസ്തുത ആക്ടിൽ പ്രതിപാദിച്ചിരിക്കുന്ന രോഗങ്ങൾ ചികിൽസിച്ച് ഭേദമാക്കാമെന്ന മരുന്നുകളുടെ പേരുപയോഗിച്ചിട്ടുള്ള പരസ്യങ്ങൾ ചെയ്യുന്നത് കുറ്റകരമാണ്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ആശുപത്രികൾ, ക്ളിനിക്കുകൾ തുടങ്ങിയ സ്ഥാപനങ്ങൾ ചികിൽസയെ പ്പറ്റി നടത്തുന്ന പരസ്യങ്ങൾക്കെതിരെ നടപടി എടുക്കാൻ നിയമപരമായി സാധിക്കു കയില്ല. എന്നാൽ പരസ്യത്തിൽ മരുന്നിന്റെയും രോഗത്തിന്റെയും പേരുണ്ടെങ്കിൽ 1954-ലെ ഡ്രഗ്സ് ആന്റ് മാജിക് റെമഡീസ് ആക്ടിലെ വ്യവസ്ഥ പ്രകാരം നിയമ നടപടികൾ സ്വീകരിക്കാം.

(ഡി) ഇല്ല.

കൊണ്ടോട്ടിയിൽ ആയുർവേദ ആശുപത്രി

142 [3843] *ശ്രീ. കെ. എൻ. എ. ഖാദർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലാ ആയുർവേദ ആശുപത്രി കൊണ്ടോട്ടിയിൽ ആരംഭിക്കുമെന്ന് മുൻ ആരോഗ്യ വകുപ്പുമന്ത്രി പ്രഖ്യാപിച്ചിരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ ആവശ്യം പരിഗണിക്കുന്നുണ്ടോ;

(സി) എങ്കിൽ ഇതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) & (സി) സർക്കാരിന്റെ സാമ്പത്തികനിലയും തദ്ദേശഭരണ സ്ഥാപനങ്ങ ളുടെ സഹകരണവും കണക്കിലെടുത്ത് മാത്രമേ ഇക്കാര്യം പരിഗണിക്കാൻ കഴിയുക യുള്ളൂ. കാരണം ഇതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കേണ്ടത് ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളാണ്.

പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് വിദ്യാഭ്യാസ രംഗത്ത് ആവശ്യമായ പരിഗണന

143 [3844] *ശ്രീ. തോമസ് ചാഴികാടൻ:*
,, *കെ. നാരായണക്കുറുപ്പ്:*
,, *റോഷി അഗസ്റ്റിൻ :* താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് വിദ്യാഭ്യാസ രംഗത്ത് ആവശ്യമായ പരിഗണന ലഭിച്ചിട്ടില്ലായെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ഇതിന് എന്തു പദ്ധതികളാണ് നടപ്പാക്കാൻ ഉദ്ദേശി ക്കുന്നത്; വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

GPM. 2/256/2012—23

LIBRARY ARCHIVES Kerala Legislative Assembly